(ബി-ഡി) അക്കൗണ്ടന്റ് ജനറലിന്റെ 24-1-2014-ലെ G.E.18/E/SW/2013-14/9951 നമ്പർ കത്ത് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടില്ല. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ 12-2-2014-ലെ G.E.18/E/SW/2013-14/9892 നമ്പർ കത്ത് പ്രകാരം അറിയിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട വിഷയം പ്രതിപാദിക്കുന്ന ജീവനക്കാരുടെ ഗസറ്റഡ് തസ്തികയിൽ പ്രവേശിച്ചതുമുതലുള്ള ശമ്പള നിർണ്ണയങ്ങൾ, ലീവ് വിവരങ്ങൾ എന്നിവ അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമാക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്.

തണ്ടേടം ജെണ്ടർ പാർക്ക്

268 (3475) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് മാത്രമായുള്ള ഒരു സുരക്ഷാ കേന്ദ്രമെന്ന നിലയ്ക്ക് തണ്ടേടം ജെണ്ടർ പാർക്ക് സ്ഥാപിക്കുമെന്ന് 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പദ്ധതി പ്രസ്തുത കാലയളവിൽ തന്നെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) തുടർന്നുള്ള ബഡ്ജറ്റിലും പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അനുവദിച്ചതും പിൻവലിച്ചതുമായ തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് അറിയിക്കാമോ; പാർക്ക് എവിടെയാണ് സ്ഥാപിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) പാർക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ ആദ്യത്തെ ജെണ്ടർ പാർക്ക് കോഴിക്കോട് ജില്ലയിൽ വെള്ളിമാടുകുന്നിൽ സാമൂഹ്യനീതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ 2013-ൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ജെണ്ടർ പാർക്ക് താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ട് പ്രസ്തുത കാലയളവിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ജെണ്ടർ പാർക്ക് എന്ന ആശയം ആദ്യമായി കേരളത്തിലാണ് നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരത്തിൽ ഒരു സംരംഭം ആരംഭിക്കുന്നതിനായി വിശദമായ ആർക്കിടെക്ചറൽ/ ഡിസൈൻ തയ്യാറാക്കേണ്ടിയിരുന്നു. ഇതിനായി

LIBRARY ARCHIVES Kerala Legislative Assembly

ആർക്കിടെക്ച്ചറൽ/ഡിസൈൻ ഏജൻസിയെ കണ്ടെത്തുന്നതിന് 2012 അവസാന പാദത്തിൽ തന്നെ താൽപ്പര്യപത്രം ക്ഷണിച്ചെങ്കിലും താൽപ്പര്യപ്പത്ര പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങളുള്ള ഏജൻസിയെ കണ്ടെത്താനായില്ല. തുടർന്ന് മൂന്ന് താൽപ്പര്യപ്പത്രം ക്ഷണിച്ച ശേഷമാണ് യോഗ്യരായ ആർക്കിടെക്ച്ചറൽ ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സാധിച്ചത്. തുടർന്ന് 2013 ഒക്ടോബറിൽ മെ. സ്പേസ് ആർട്ട് എന്ന ഏജൻസിയെ ആർക്കിടെക്ച്ചറൽ കൺസൽട്ടന്റായി നിയമിക്കുകയുണ്ടായി. പ്രസ്തുത ഏജൻസി തയ്യാറാക്കി നൽകിയ ഡിസൈൻ, ഡ്രോയിംഗ് എസ്റ്റിമേറ്റ് എന്നിവയിന്മേൽ നിയമപ്രകാരമുള്ള ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയ ശേഷം 2014 അവസാന പാദത്തിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി 2015 ഏപ്രിലിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 15 മാസമാണ് കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള കാലാവധി.

(ബി) ഉണ്ട്. ജെണ്ടർ പാർക്കിനായി നാളിതുവരെ അനുവദിച്ചിട്ടുള്ളതും പിൻവലിച്ചിട്ടുള്ളതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	അനുവദിച്ചു നൽകിയ തുക (ലക്ഷത്തിൽ)	പിൻവലിച്ച തുക (ലക്ഷത്തിൽ)
2012-13	600	600
2014-15	660	660

(സി) സംസ്ഥാനത്തെ ആദ്യത്തെ ജെണ്ടർ പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കോഴിക്കോട് ജില്ലയിൽ വെള്ളിമാടുകുന്നിലാണ് ആദ്യത്തെ ജെണ്ടർ പാർക്ക് നിലവിൽ വരുന്നത്.

(ഡി) സ്ത്രീകളുടെ സാമ്പത്തിക-സാമൂഹിക പുരോഗതി ലക്ഷ്യമിട്ടുകൊണ്ടും ലിംഗസമത്വം നടപ്പാക്കുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയുമാണ് ജെണ്ടർ പാർക്ക് നടപ്പിലാക്കുന്നത്.

മലപ്പുറം ജില്ലയിലെ താലോലം പദ്ധതി

269 (3476) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലോലം പദ്ധതിയെ കുറിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly